# Kerala Hotel & Restaurant Association

**STATE COMMITTEE**

SERVICE TO SATISFY

II Floor, K.H.R.A. Bhavan, M.G. Road, Kochi - 682 035, Phone : 0484 2366602


സംസ്ഥാനതലവാർത്ത

25.08.2021

## പ്രസ്സ് റിലീസ്

**ഹോട്ടലുടമകളെ ആത്മഹത്യയിൽനിന്നും രക്ഷിക്കണം – കെ.എച്ച്.ആർ.എ.**

കൊവിഡ് വ്യാപനത്തിന്റെ പേരിലുള്ള അശാസ്ത്രീയ നിയന്ത്രണങ്ങൾമൂലം ഉപജീവനമാർഗം നഷ്ടപ്പെട്ട ഹോട്ടൽ, റസ്റ്റോറന്റുടമകളെ ആത്മഹത്യയിലേക്ക് തള്ളിവിടുകയാണെന്ന് കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ. കഴിഞ്ഞ ഒരുമാസത്തിനിടെ പത്തോളം ഹോട്ടൽ, ബേക്കറി വ്യാപാരികളാണ് സംസ്ഥാനത്ത് ആത്മഹത്യചെയ്തത്. ഭക്ഷണവിതരണമേഖലയിൽ മാത്രമുള്ള നിയന്ത്രണം ഈ രീതിയിൽ തുടരുകയാണെങ്കിൽ കൊവിഡ്മൂലം മരണമടയുന്നവരേക്കാൾ കൂടുതൽ ഉപജീവനം തടയപ്പെട്ടതുമൂലമുള്ള ഹോട്ടലുടമകളുടെ മരണത്തിന് സംസ്ഥാനം സാക്ഷിയാകേണ്ടിവരും. ഹോട്ടലുകളിൽ ഡൈനിംഗ് അനുവദിക്കാത്തതിനാൽ ഹോട്ടൽ ഉടമകൾ വലിയ സാമ്പത്തിക ബുദ്ധിമുട്ടിലൂടെയാണ് മുന്നോട്ടു പോകുന്നത്. ബാങ്കുകളിലേയും മറ്റ് ധനകാര്യ സ്ഥാപനങ്ങളിലേയും വായ്പ തിരിച്ചടവ് മുടങ്ങിയതിനാലും, ജി.എസ്.ടി. അടയ്ക്കുവാൻ സാധിക്കാത്തതിനാലും വലിയ മാനസിക സമ്മർദ്ദമാണ് ഹോട്ടലുടമകൾ നേരിടുന്നത്. ഹോട്ടലുകളിൽ ഇരുത്തി ഭക്ഷണം നൽകുവാനുള്ള തീരുമാനവും സർക്കാർ അനന്തമായി നീട്ടിക്കൊണ്ടുപോകുകയാണ്. ഹോട്ടൽ, റസ്റ്റോറന്റ്, ബേക്കറി മേഖലയിലുള്ള വ്യാപാരികളുടെ ദുരിതം സർക്കാർ കണ്ടില്ലെന്ന് നടിക്കരുത്. അടിയന്തിരമായി ഭക്ഷ്യഉത്പാദനവിതരണ മേഖലക്ക് സഹായകരമായ പാക്കേജ് പ്രഖ്യാപിക്കണമെന്നും, ഹോട്ടലുകളിൽ ഡൈനിംഗ് അനുവദിച്ച് ഉത്തരവിറക്കണമെന്നും കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ സംസ്ഥാനപ്രസിഡന്റ് മൊയ്തീൻകുട്ടിഹാജിയും, ജനറൽസെക്രട്ടറി ജി. ജയപാലും ആവശ്യപ്പെട്ടു.

**മൊയ്തീൻകുട്ടി ഹാജി**
പ്രസിഡന്റ്
9605888700

**ജി. ജയപാൽ**
ജനറൽ സെക്രട്ടറി
9544844446